പ്പെടുന്ന, തളർവാതം ബാധിച്ച, സർക്കാരോ? കൈ നനയാതെ മീൻപിടി ക്കുന്നതിൽ മാത്രം താല്പര്യമുള്ള വ്യവസായസംരംഭകരോ? ഇതെല്ലാം കണ്ട് കാര്യം മനസ്സിലാവാതെ അന്ധാളിച്ചുനില്ക്കുന്ന സാധാരണ ജനങ്ങളോ?

(ഇതിലെ കണക്കുകൾ ശ്രീ എം. ഡി. നാലപ്പാട്ടും ശ്രീ കെ. രാധാ കൃഷ്ണനും ചേർന്നു തയ്യാറാക്കിയ 'കേരള എൻഗൾഫ്സ് ഇൻ പ്രോസ്പെരി റ്റി' എന്ന ലഘുലേഖയിൽനിന്നെടുത്തവയാണ്).

24 ജൂലൈ, 1978

# 68. ഗൾഫ് സമ്പന്നത

ഇപ്പോൾ 'അറേബ്യൻ ഗൾഫ്' എന്നു വിളിക്കപ്പെടുന്ന പഴയ പേഴ്സ്യൻ ഗൾഫ് ലോകമെങ്ങുമുള്ള തൊഴിൽരഹിതരുടെ തീർത്ഥാടന കേന്ദ്രമായി രിക്കുകയാണ്. ഏഷ്യയിലെ വിവിധ പ്രദേശങ്ങളിൽനിന്നുതന്നെ മുപ്പതു ലക്ഷത്തിലധികംപേർ ഗൾഫ് രാജ്യങ്ങളിൽ വേലചെയ്തു ജീവിക്കുന്നു ണ്ട്. ഇവരിൽ പന്ത്രണ്ടു ലക്ഷത്തോളംപേർ പാകിസ്ഥാൻകാരാണ്. ഇന്ത്യയിൽനിന്നുള്ള പത്തു ലക്ഷം പേരിൽ ഗണ്യമായ ഒരു വിഭാഗം കേര ളീയരത്രേ. ഇവർക്കു പുറമേ രണ്ടര ലക്ഷം ഫിലിപ്പൈൻകാർ, ഒരു ലക്ഷ ത്തിയെൺപതിനായിരം തെക്കൻ കൊറിയക്കാർ, ഒരുലക്ഷത്തി നാല്പതി നായിരം ശ്രീലങ്കക്കാർ, ഒരുലക്ഷത്തിയിരുപതിനായിരം തായ്ലാൻഡു കാർ, എഴുപതിനായിരം ബാംഗ്ലാദേശക്കാർ, ആറായിരം തായ്വാൻകാർ, മൂവായിരം ചീനക്കാർ എന്നിവരും ഗൾഫ് നാടുകളിൽ അദ്ധ്വാനിച്ചു പുലരുന്നു. ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ കുടിയേറിപ്പാർപ്പാ യി ഈ 'ഗൾഫ്യാത്ര' ചിത്രീകരിക്കപ്പെടുന്നു.

ഈന്തപ്പനയല്ലാതെ മറെറാരു സസ്യവും വളരാത്ത വരണ്ട മണ്ണിനടി യിൽ ഈട്ടം കൂടിക്കിടക്കുന്ന എണ്ണയാണ് ഗൾഫ് രാജ്യങ്ങളെ പെട്ടെന്നു സമൃദ്ധിയിലേക്കു നയിച്ചത്. ഈ രാജ്യങ്ങളിൽ ജനങ്ങൾ കുറവാണ്; ഉള്ളവർതന്നെ അദ്ധ്വാനവിമുഖരുമാണ്. പാശ്ചാത്യർ നല്കിയ സാങ്കേതികവിദ്യയോടൊപ്പം ഏഷ്യയിലെ ദരിദ്രരാജ്യങ്ങളിലെ തൊഴി ലില്ലാപ്പാവങ്ങളുടെ പ്രയത്നശക്തികൂടിയാണ് ഗൾഫിലെ സമ്പന്നത യ്ക്ക് ആധാരം. എൻജിനീയർമാർമുതൽ മണ്ണുചുമട്ടുകാർവരെ, ഗൾഫ് നാടുകളിലെ വേലയുടെ എല്ലാ തലങ്ങളിലും, ഏഷ്യക്കാരെ കാണാം. സൗദി അറേബ്യൻ മരുഭൂമിയിൽ ഉയർന്നുവരുന്ന കൂററൻ ഫാക്ടറികൾക്കു വേണ്ടി വിയർപ്പൊഴുക്കുന്നത് തായ്ലാൻഡിലേയും തെക്കൻ കൊറിയ യിലേയും കൂലിവേലക്കാരാണ്. അബുദാബിയിലെ നക്ഷത്ര ഹോട്ടലുക ളിൽ ഫിലിപ്പൈൻകാർ ഭക്ഷണം വിളമ്പുന്നു, കുവൈത്തിലെ ബാങ്കുക ളിൽ ഇന്ത്യൻ ക്ലാർക്കുമാർ ഇടപാടുകൾ നടത്തുന്നു. കുവൈത്തിലെ ജന സംഖ്യയിൽ അമ്പത്തഞ്ചു ശതമാനം ഇപ്പോൾ മറുനാട്ടുകാരാകുന്നു. പരസ്പ രം യുദ്ധം ചെയ്യുന്ന ഈറാനിലേയും ഇറാക്കിലേയും സൈനിക അണി കൾക്കു പുറകിൽ വേല ചെയ്യുന്നതും ഇതേ ആളുകൾതന്നെ.

മററ് അറബിനാടുകളിൽനിന്നുള്ളവരേക്കാളേറെ, ഏഷ്യക്കാരെ ജോലിക്കു വെക്കാനാണ് ഗൾഫിലെ ഷേക്കുമാർ ഇഷ്ടപ്പെടുന്നത്. കാരണം എന്തെന്നല്ലേ? ഏഷ്യക്കാർക്കു കൂലി കുറച്ചു കൊടുത്താൽ മതി. അവർ കഠി നമായി അദ്ധ്വാനിച്ചുകൊള്ളും. മാത്രമല്ല, സ്ഥലവാസികളുമായി ഒരു ബന്ധവും സ്ഥാപിക്കാതെ ഒററപ്പെട്ടു കഴിഞ്ഞുകൂടുന്ന ഇവരെ എപ്പോൾ വേണമെങ്കിലും പുറംതള്ളുകയുമാവാം.

സ്വന്തം നാട്ടിൽ തൊഴിൽ കിട്ടാഞ്ഞോ, കിട്ടിയ തൊഴിലിനു മതിയായ പ്രതിഫലം ലഭിക്കാഞ്ഞോ ആണ്, ഏഷ്യൻ തൊഴിലാളികളിലധികം പേരും ഗൾഫിൽ എത്തിയിട്ടുള്ളത്. നാട്ടിൽ കിട്ടുന്നതിന്റെ പത്തും അധികവും ഇരട്ടി കൂലി കിട്ടുന്നുണ്ടെങ്കിലും, ഈ തൊഴിലാളികളിൽ ഭൂരിഭാഗവും ഗൾഫ്നാടുകളിൽ സ്ഥിരമായി പാർക്കാനിഷ്ടപ്പെടുന്നില്ല. അവരുടെ ജീവിതം ദുരിതപൂർണമാണ്. അസുഖകരമായ കാലാവസ്ഥ. ചേരിപ്രദേശങ്ങളൊത്ത പാർപ്പിടങ്ങൾ. കുടുംബാംഗങ്ങളെ കൂടെ കൊണ്ടുവരാൻ അനുവദിക്കാത്ത പരിതഃസ്ഥിതി. നിർദയമായ സാമ്പത്തിക ചൂഷണം. ഏഷ്യൻ തൊഴിലാളികൾ അകം നീറി, സ്വന്തം ദുർവിധിയെ ശപിച്ച്, ചുറ്റുപാടിൽനിന്ന് ഒറ്റപ്പെട്ട്, പണത്തിനുവേണ്ടി നാടു കടത്തപ്പെട്ടവരാണു തങ്ങളെന്ന ധാരണയോടെ ആണ് ഗൾഫ് നാടുകളിൽ കഴിഞ്ഞുകൂടുന്നതെങ്കിൽ, അതിൽ അസാധാരണമായി ഒന്നുംതന്നെയില്ല.

പക്ഷേ, അവർ നേടുന്ന പണം അവരുടെ മാതൃരാജ്യങ്ങൾക്കു ജീവവായുവായാണ് ഇന്ന് അനുഭവപ്പെടുന്നത്. 1980-81 ൽ പാകിസ്ഥാന് കയറ്റുമതിവ്യാപാരത്തിൽനിന്നു ലഭിച്ച വിദേശനാണ്യത്തേക്കാൾ കൂടുതലായിരുന്നു ആ നാട്ടിലെ ഗൾഫ് തൊഴിലാളികൾ അയച്ച തുക—ഇരുനൂറ്റിപ്പത്തു കോടി ഡോളർ. പത്തു ലക്ഷം ഇന്ത്യൻ തൊഴിലാളികൾ നാട്ടിലേക്കയയ്ക്കുന്ന തുക ഇന്ത്യാ ഗവണ്മെന്റിന്റെ വ്യാപാരശിഷ്ടനില മെച്ചപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്. ചായയും റബറും കഴിഞ്ഞാൽ ശ്രീലങ്കയ്ക്കു കൂടുതൽ വിദേശനാണ്യം നേടിക്കൊടുക്കുന്നത് ഗൾഫ് തൊഴിലാളികളാണ്. ഗൾഫ് തൊഴിലാളികൾ അയയ്ക്കുന്ന പണംകൂടി കണക്കിലെടുത്താണ് തായ്‌ലാൻഡ് ഗവണ്മെന്റ് അവരുടെ പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നത്.

സ്വർഗത്തിൽ ചെന്നെത്തുന്നതിനേക്കാൾ പ്രയാസമായിട്ടുണ്ട് ഒരു തൊഴിലാളിക്കു ഗൾഫ് നാടുകളിൽ ചെന്നെത്തുകയെന്നത്. ഏജന്റുമാർക്കു വലിയ തുക കൈക്കൂലി കൊടുത്താലേ എൻ. ഒ. സി. കിട്ടൂ. അതിനാൽ 'ഗൾഫ് റിക്രൂട്ടുമെന്റ്' പല രാജ്യങ്ങളിലും ഒരു വൻകിട വ്യവസായമായിരിക്കുന്നു. ഗൾഫിലേക്കു റിക്രൂട്ട് ചെയ്യുന്ന, രജിസ്റ്റർ ചെയ്ത, ഇരുനൂറു സ്ഥാപനങ്ങൾ തായ്‌ലാൻഡിലും അഞ്ഞൂറു സ്ഥാപനങ്ങൾ സിലോണിലുമുണ്ടത്രേ. ഇന്ത്യയിലെ കഥ ശരിക്കറിഞ്ഞുകൂടാ. വലിയ തോതിൽ അഴിമതികളും വഞ്ചനയും നടക്കുന്ന ഒരു രംഗമാണിത്. തൊഴിലാളികളെ റിക്രൂട്ടു ചെയ്യാൻ ഫിലിപ്പൈൻ ദ്വീപുകളിലെത്തുന്ന സൗദി അറേബ്യക്കാരെ മനില എയർപോർട്ടിൽവെച്ചുതന്നെ തേവിടിശ്ശികൾ തട്ടിക്കൊണ്ടുപോകുമെന്ന് 'ടൈം' വാരിക റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഈ അറബികൾ ചെലവേറിയ ഹോട്ടലുകളിൽ തേവിടിശ്ശികളുടെ പരിചരണത്തിൽ ഏതാനും ദിവസം പാർക്കുന്നു. അവരുടെ തലയിൽക്കെട്ടും ജപമാലയും കാണിച്ച് റിക്രൂട്ടിങ് ഏജന്റുമാർ പണം വാരിക്കൂട്ടുകയും ചെയ്യുന്നു: ഇന്ത്യയിലും സ്ഥിതി വളരെയൊന്നും വ്യത്യസ്തമല്ല. എൻ. ഒ സി. ക്കുവേണ്ടി വീടും കുടിയും വിറ്റു മുപ്പതിനായിരമോ നാല്പതിനായിരമോ രൂപ ചെലവഴിച്ച് വഞ്ചിതരാകേണ്ടിവന്നവർ കേരളത്തിൽത്തന്നെ ധാരാളമുണ്ടല്ലോ. പണം വാങ്ങിക്കഴിഞ്ഞ ശേഷം ഏജന്റുമാർ അപ്രത്യക്ഷരാകുന്നു. ചിലപ്പോൾ, 'റിക്രൂട്ട്' ചെയ്യപ്പെട്ടവരെ വിമാനത്തിലോ കപ്പലിലോ കയറ്റി, അതേ നാട്ടിലെ മറ്റൊരു ഭാഗത്തേക്ക് അയയ്ക്കുന്നു. ഇനി, ഗൾഫ് നാടുകളിലേക്കു കടന്നുകിട്ടിയാലും, വാഗ്ദാനം ചെയ്യപ്പെട്ട ജോലി കിട്ടിക്കൊള്ളണമെന്നില്ല. ഫലമോ, എൻജിനീയർ ആകാൻ പോയവൻ മണ്ണു ചുമക്കുന്നു. ലിബിയയിൽ കാവൽക്കാരും പണിമേൽനോട്ടക്കാരുമായി എണ്ണായിരം ആളുകളെ ആവശ്യമുണ്ടെന്ന് കഴിഞ്ഞ

മാർച്ചുമാസത്തിൽ പാകിസ്ഥാനിലെ ഒരു റിക്രൂട്ടിങ് ഏജൻസി പത്രങ്ങളിൽ പരസ്യപ്പെടുത്തിയത്രേ. സംശയം തോന്നിയ പാകിസ്ഥാൻ സർക്കാർ ഇടപെട്ടപ്പോഴേക്ക് രണ്ടായിരത്തിയെഴുന്നൂറു പാകിസ്ഥാനികളെ ലിബിയയിലേക്ക് അയച്ചുകഴിഞ്ഞിരുന്നു. ഇവർ എവിടെപ്പോയെന്ന് ആർക്കും അറിഞ്ഞുകൂടാ. തൊട്ടടുത്ത ഛാഡിൽ ലിബിയ നടത്തിയ ആക്രമണത്തിൽ ഇവരെ ചോററുപട്ടാളക്കാരായി ഉപയോഗപ്പെടുത്തിയിരിക്കാമെന്നാണ് കരുതപ്പെടുന്നത്.

പലർക്കും അനുഗ്രഹമായിരുന്ന 'ഗൾഫ് തൊഴിൽ' വളരെയധികം പേർക്കു ശാപമായും അനുഭവപ്പെട്ടിട്ടുണ്ട്. പക്ഷേ, ചൈന, തൈവാൻ, തെക്കൻ കൊറിയ എന്നീ രാജ്യങ്ങളിൽ സ്ഥിതി വ്യത്യസ്തമാണ്. ചൈനയിൽ പ്രൈവററ് റിക്രൂട്ട്മെൻറ് അനുവദിക്കുന്നില്ല. ഗവണ്മെൻറാണ്, കൂലി നിശ്ചയിച്ച്, തൊഴിലാളികളെ കയററി അയയ്ക്കുന്നത്. ഹോങ് കോങ്ങിലെ ചില ഏജൻറുമാരെയും ചൈനീസ് സർക്കാർ ഇതിനായി ഉപയോഗിക്കുന്നു. തൊഴിലാളികൾക്കു യാത്രക്കൂലിയും പാർപ്പിടവും ഭക്ഷണവും സൗജന്യമായി ചൈനീസ് സർക്കാർ നല്കുന്നു. അവരുടെ കൂലിയിൽ മുപ്പതു ശതമാനം സർക്കാർ എടുക്കുകയും ചെയ്യുന്നു. ഏഷ്യയിലും ആഫ്രിക്കയിലും പ്രവർത്തിക്കുന്ന തെക്കൻ കൊറിയൻ കമ്പനികൾ തൊഴിലാളികളെ പ്രധാനമായും തെക്കൻ കൊറിയയിൽനിന്നേ റിക്രൂട്ടു ചെയ്യാവൂ എന്ന് ആ രാജ്യത്തെ സർക്കാരിനു നിർബന്ധമുണ്ട്. ഈ തൊഴിലാളികളുടെ മിനിമം കൂലി തെക്കൻ കൊറിയൻ സർക്കാർ നിശ്ചയിക്കുന്നു. ഇതുകൊണ്ട് കമ്പനികളുടെ ബിസിനസ്സിനു തകരാറൊന്നുമുണ്ടായിട്ടില്ല; ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അവരുടെ വരുമാനം നാലിരട്ടിയായി വർദ്ധിച്ചിട്ടുമുണ്ട്. തെക്കൻ കൊറിയയിലുണ്ടാക്കി കയററി അയയ്ക്കുന്ന കാറുകളിലധികവും വാങ്ങുന്നതു് മദ്ധ്യപൂർവ പ്രദേശങ്ങളിലുള്ള തെക്കൻ കൊറിയൻ തൊഴിലാളികളാണത്രേ.

എയർ കണ്ടീഷൻ ചെയ്ത പാർപ്പിടങ്ങൾ, വിനോദ കേന്ദ്രങ്ങൾ, മികച്ച ഭക്ഷണശാലകൾ—ഗൾഫിൽ സുഖസൗകര്യങ്ങൾ ധാരാളം ലഭിക്കുന്ന ഏതാനും ഏഷ്യൻ തൊഴിലാളികളുണ്ട്. പക്ഷേ, യൗവനത്തിൻെറ അദമ്യങ്ങളായ ശാരീരികമാനസികാവശ്യങ്ങൾ നിറവേററാൻ അവസരം കിട്ടുന്നവർ കുറവാണ്. ഭൂരിഭാഗം ഏഷ്യക്കാർക്കും, പ്രത്യേകിച്ച് ഒററപ്പെട്ട നിലയിൽ എത്തിപ്പെടുന്നവർക്ക്, മിനിമം ജീവിതസൗകര്യങ്ങൾ പോലും കിട്ടിയെന്നുവരില്ല. തകരത്തകിടുകൊണ്ടോ പ്ലൈവുഡ്ഡുകൊണ്ടോ നഗരപരിസരങ്ങളിൽ നിർമിച്ച കുടിലുകളിൽ, ഒരു മുറിയിൽ പത്തും പതിനഞ്ചും പേർ എന്ന തോതിൽ, താമസിക്കുന്നവർ കുറവല്ല. മൂന്നാം ക്ലാസ് പൗരന്മാർ എന്ന നിലപോലും അവർക്കില്ല. ഇന്ത്യൻ സംഗീതവും കറിമസാലകളുടെ രൂക്ഷഗന്ധവും ഉയരുന്ന ഇത്തരം ചേരിപ്രദേശങ്ങളെ ആ നാട്ടുകാർ തികച്ചും വർജിക്കുന്നു. ഈ അനാദരം തികഞ്ഞ ക്രൂരതയായി മാറുന്ന സന്ദർഭങ്ങളും കുറവല്ല. 'ടൈം' വാരിക ഇതിനുദാഹരണമായി എടുത്തു കാട്ടുന്നതു് ഫിലിപ്പൈൻ ദ്വീപിൽനിന്നു വന്ന വീട്ടുവേലക്കാരികളുടെ കഥയാണ്. ഇവരെ അറബി വീട്ടുടമകൾ പുറത്തേക്കു വിടാറില്ല; അവരിൽ മൂന്നിലൊരു ഭാഗത്തെയെങ്കിലും വീട്ടുടമകൾ ലൈംഗികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുവത്രേ. പലർക്കും എന്തു പററി എന്ന് ആരും അറിയാറുമില്ല. മദ്യപിച്ചും കുററങ്ങൾ ചെയ്തും കുഴപ്പങ്ങളിൽ ചെന്നുചാടുന്നവരും ഗൾഫിലെ ഏഷ്യൻ തൊഴിലാളികൾക്കിടയിൽ കുറവല്ല. ഇത്തരക്കാരുടെ കാര്യങ്ങളിൽ കൈയിടാൻ, സാധാരണയായി, അവരുടെ നാട്ടിലെ വിദേശകാര്യാലയങ്ങൾ താല്പര്യം കാണിക്കാറില്ല. മറിച്ച്, സൗദി അറേബ്യൻ സർക്കാർ ഫിലിപ്പൈൻ ദ്വീപുകളിൽനിന്നുള്ള തൊഴിലാളികളോടു ക്രൂരമായി പെരുമാറുന്നു എന്ന്

ആക്ഷേപിച്ച അന്നാട്ടിലെ ഒരു പത്രത്തിന്റെ അധിപരെ ഫിലിപ്പൈൻ പ്രസിഡണ്ട് വ്യക്തിപരമായി താക്കീതു ചെയ്യുകയുണ്ടായി. ഏഷ്യൻ രാജ്യങ്ങൾക്ക് ഗൾഫ് പണം വലിയൊരാവശ്യമാണ്; അവിടങ്ങളിലെ തൊഴിലില്ലായ്മക്ക് ഗൾഫ് ജോലികൾ അതുല്യമായൊരാശ്വാസവും.

ഗൾഫ് തൊഴിലാളികളുടെ വരുമാനം ഉപയോഗിച്ച് അതാതു നാടുകളിൽ വ്യവസായങ്ങൾ തുടങ്ങാനുള്ള പരിശ്രമങ്ങൾ വളരെയൊന്നും വിജയിച്ചിട്ടില്ല. ഫിലിപ്പൈൻ തൊഴിലാളികളുടെ കൂലിയിൽ എഴുപതു ശതമാനമെങ്കിലും നാട്ടിലേക്കയയ്ക്കണമെന്ന ഫിലിപ്പൈൻ സർക്കാരിന്റെ കല്പന പാലിക്കാത്തവരാണധികം. 'അതിനാൽ ഗൾഫ് പണം അവിടെ കരിഞ്ചന്തയിലേക്കു പോകുന്നു. പാകിസ്ഥാനിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇന്ത്യയിലെ കാര്യം നമുക്കറിയാമല്ലോ. ഗൾഫ് പണം ഉപയോഗിച്ചു ജനങ്ങൾ ഉപഭോഗസാധനങ്ങൾ സ്വന്തം നാടുകളിൽ വാങ്ങിക്കൂട്ടുന്നു. റേഡിയോ, ടെലിവിഷൻ, ടേപ്പ് റിക്കാർഡർ, ക്യാമറ, വാച്ച്, കുക്കിങ് റെയ്ഞ്ജ് മുതലായവ ഏഷ്യൻ രാജ്യങ്ങളിലെ ഉൾനാടുകളിൽപ്പോലും നിത്യോപയോഗത്തിൽ വന്നതു് അങ്ങനെയാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കേരളത്തിൽ ഭൂമിയുടെ വില പത്തിരട്ടിയായി വർദ്ധിച്ചതും മാർക്കറ്റിൽനിന്നു സിമന്റ് അപ്രത്യക്ഷമായതും ഗൾഫ് പണം മൂലമാണെന്ന് 'ടൈം' വാരിക എടുത്തുപറയുന്നു.

ഈ പുതിയ സമ്പന്നതയുടെ ഫലമായി ഒരു പുതിയ മദ്ധ്യവർഗം നിലവിൽ വന്നിരിക്കുന്നു. ഫിലിപ്പൈൻ ദ്വീപുകളിൽ ഈ സമ്പന്നത 'സാമ്പത്തികമായ ഒരനുഗ്രഹവും സാമൂഹ്യമായ ഒരു ശാപവും' ആണത്രേ. താളം തെറ്റിയ ദാമ്പത്യങ്ങൾ അവിടെ സാധാരണമായിരിക്കുന്നു. ഗൾഫിൽ പോയി പണം തേടി തിരിച്ചു വരുന്ന പലരും പഴയ ഭാര്യമാരെക്കൊണ്ടു തൃപ്തിപ്പെടുന്നില്ല. ഭർത്താക്കന്മാർ ഗൾഫിൽ പോയിരിക്കെ, നാട്ടിലുള്ള യുവാക്കളുമായി സമ്പർക്കത്തിലേർപ്പെടുന്ന ഭാര്യമാരും കുറവല്ല. പുറംനാടുകളിൽ ജോലിക്കുപോയ പല സ്ത്രീകളും ഗർഭിണികളായി മടങ്ങിവരുന്നു.

'ഗൾഫ് സമ്പന്നത' എത്ര കാലത്തേക്കു തുടരും? എത്ര കാലത്തേക്കും തുടരാം. സൗദി അറേബ്യ, ഇറാക്ക്, ഇറാൻ, ലിബിയ എന്നിവിടങ്ങളിൽ പുതിയ പദ്ധതികൾ രൂപംകൊണ്ടു വരുകയാണ്. മറ്റു രാജ്യങ്ങളും ഈ രംഗത്തേക്കു വന്നുകൂടായ്കയില്ല. ഏതെങ്കിലും തൊഴിലിൽ വൈദഗ്ദ്ധ്യവും, ജോലി ചെയ്യാൻ സന്നദ്ധതയും, ആരോഗ്യവും, യൗവനവും അല്പം ഭാഗ്യവുമുണ്ടെങ്കിൽ, ഗൾഫ് സമ്പന്നതയിൽ പങ്കുചേരാൻ ഏഷ്യൻ യുവാക്കൾക്ക് അവസരം കിട്ടാവുന്നതേയുള്ളു.

19 നവംബർ, 1981

## 69. ഗൾഫ് സമ്പാദ്യവും കേരളത്തിലെ ദാരിദ്ര്യവും

'ബഹുജനദാരിദ്ര്യത്തിന്റെ സ്വഭാവം' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധ അമേരിക്കൻ ധനശാസ്ത്രജ്ഞനായ ജോൺ കെന്നെത്ത് ഗാൽബ്രെയ്ത്ത് 1979-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധനികരാജ്യങ്ങളിൽ ഒരു ന്യൂനപക്ഷത്തിന് (ഉദാ: അമേരിക്കയിൽ നീഗ്രോവർഗക്കാർക്ക്) കണ്ടുവരുന്ന ദാരിദ്ര്യത്തിൽനിന്നു മൗലികമായി വ്യത്യാസപ്പെട്ടതാണ്,